പതിമൂന്നാം കേരള നിയമസഭ .

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2549 21/06/2012 ൽ മറുപടിയ്ക്ക്

## 2011-2012 അദ്ധ്യയന വർഷം അധിക സ്കൂൾ പുസ്തകം അച്ചടിച്ച വകയിൽ അധികചെലവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ.എസ്. സലീഖ : | | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ) | 2011-2012 അദ്ധ്യയന വർഷം അധിക സ്കൂൾ പുസ്തകം അച്ചടിച്ച വകയിൽ ഖജനാവിന് എത്ര തുകയുടെ അധികചെലവ് വന്നു ; | (എ) | സ്കൂൾ പാഠപുസ്തകങ്ങൾ അളവിൽക്കവിഞ്ഞ് അച്ചടിച്ചിട്ടില്ല. ആകയാൽ ഖജനാവിന് അധികച്ചെലവുമുണ്ടായിട്ടില്ല. |
| ബി) | 2011-2012 ൽ ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകൾക്ക് എത്ര ലക്ഷം പുസ്തകങ്ങളാണ് അധികമായി അച്ചടിച്ചത് ; | (ബി) | 2011-12 അദ്ധ്യയന വർഷത്തിൽ ടൈറ്റിലുകളിലായി 4,78,37,000 കോപ്പി പുസ്തകങ്ങൾ അച്ചടിപ്പിച്ചു. മുൻ വർഷത്തെ 84,08,209 സ്റ്റോക്ക് ബാലൻസും കൂടിച്ചേർത്ത് 4,40,46,574 കോപ്പികൾ വിതരണം ചെയ്തു. 1,21,98,635 കോപ്പികൾ ബാക്കിവന്നു. ഇത് അടുത്ത വർഷത്തേയ്ക്ക് ഉപയോഗിച്ചു. അല്ലാതെ പാഠപുസ്തകങ്ങൾ അധികമായി അച്ചടിപ്പിച്ചിട്ടില്ല. |
| സി) | കഴിഞ്ഞ വർഷം രണ്ടാംഘട്ട പുസ്തക വിതരണം കഴിഞ്ഞപ്പോൾ എത്ര ലക്ഷം പുസ്തകങ്ങൾ അധികമായി കെ.ബി.പി.എസ്സിലുണ്ടായിരുന്നു ; | സി) | കെ.ബി.പി.എസ്സിലും പുസ്തകങ്ങൾ ശേഖരിച്ചിരുന്ന ജില്ലാ ഡിപ്പോകളിലും കൂടി 1,21,98,635 കോപ്പികൾ ബാക്കി വന്നിരുന്നു. ഇവ അടുത്ത വർഷത്തേയ്ക്ക് ഉപയോഗിച്ചിട്ടുണ്ട്. |
| ഡി) | പത്താം തരത്തിൽ മാത്രം കഴിഞ്ഞ വർഷം എത്ര ലക്ഷം പുസ്തകങ്ങൾ അധികമായി വന്നിട്ടുണ്ട് ; | (ഡി) | കഴിഞ്ഞ വർഷം പത്താം ക്ലാസ്സിലെ 18,63,677 പുസ്തകങ്ങൾ ബാക്കി വന്നു. |
| ഇ) | ഇപ്പോൾ പാഠപുസ്തക വിതരണം ഏത് ഏജൻസി മുഖേനയാണ് നടത്തുന്നത് ; | (ഇ) | കേരള ബുക്ക് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി (കെ.ബി.പി.എസ്) മുഖേനയാണ് ഇപ്പോൾ പാഠ പുസ്തക വിതരണം നടത്തുന്നത്. |

| | |
|---|---|
| എഫ്) സൗജന്യ പാഠപുസ്തകം നൽകിയ വകയിൽ 2012-2013 അദ്ധ്യയന വർഷം എത്ര തുക വിദ്യാഭ്യാസ വകുപ്പ് ചെലവഴിച്ചു ; | (എഫ്) ഒന്നാം ക്ലാസ്സിലെ പുസ്തകങ്ങൾ മാത്രമാണ് സർക്കാർ സൗജന്യമായി വിതരണം ചെയ്യുന്നത് (2 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് പുസ്തകം സൗജന്യമാണെങ്കിലും അവയുടെ വില സർവ്വശിക്ഷാ അഭിയാനിൽ നിന്നും ഈടാക്കുന്നുണ്ട്) നടപ്പു വർഷം (2012-13) ഒന്നാം ക്ലാസ്സിൽ ഇതിനകം 7,28,894 പുസ്തകങ്ങൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. ഒരു പുസ്തകത്തിന് 25 രൂപ എന്ന നിരക്കിൽ ഈയിനത്തിൽ 1,82,22,350/- രൂപ ചെലവഴിച്ചു. |
| ജി) സംസ്ഥാന ബഡ്ജറ്റിലെ എത്ര ശതമാനം തുക 2012-2013 -ൽ വിദ്യാഭ്യാസ വകുപ്പിനായി മാത്രം മാറ്റിവച്ചിട്ടുണ്ട് ; പ്രസ്തുത തുക കൃത്യമായി വിനിയോഗിക്കുന്നുണ്ടോയെന്ന് വിലയിരുത്താൻ എന്തൊക്കെ നടപടികൾ വകുപ്പ് സ്വീകരിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | (ജി) സംസ്ഥാന ബഡ്ജറ്റിൽ ആകെ വകയിരുത്തിയിരിക്കുന്ന തുകയുടെ 20.35% തുക വിദ്യാഭ്യാസ വകുപ്പിനു മാത്രമായി മാറ്റിവച്ചിട്ടുണ്ട്.<br>വകുപ്പിനു മാത്രമായി മാറ്റിവച്ചിട്ടുള്ള തുകകളുടെ വിനിയോഗത്തെ സംബന്ധിച്ച് ഓരോ മാസവും ജില്ലാതല ഉദ്യോഗസ്ഥന്മാരിൽ നിന്നും റിപ്പോർട്ടുകൾ ശേഖരിക്കുകയും വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ചുമതലപ്പെട്ട യൂണിറ്റ് മേധാവികൾ ഓരോ സ്കീമിനും ചെലവഴിക്കേണ്ട പ്രോഗ്രാമുകൾ തയ്യാറാക്കുകയും അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്. ഇവ കൃത്യമായി എല്ലാ മാസവും വിദ്യാഭ്യാസ ഡയറക്ടർ അവലോകനം ചെയ്തുവരുകയും ചെയ്യുന്നുണ്ട്. ഇവയെ സംബന്ധിച്ചുള്ള സ്ഥിതിവിവര കണക്കുകൾ അടങ്ങിയ വിശദാംശങ്ങൾ ഓരോ മാസവും ബന്ധപ്പെട്ട ഭരണ വകുപ്പിനും പ്ലാനിംഗ് വകുപ്പിനും സമർപ്പിക്കുന്നുണ്ട്. |

Sajikumar R

സെക്ഷൻ ഓഫീസർ